മലബാറിലെ പി. സി. സി. സൊസൈറ്റികൾക്ക് ലഭിക്കാനുള്ള സംഖ്യ.

*1477. [41] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദിരാശി ഗവണ്മെന്റിൽ നിന്നും മലബാറിലെ ചില പി. സി. സി. സൊസൈറ്റികൾക്ക് ലഭിക്കാനുണ്ടായിരുന്ന സംഖ്യ വല്ലതും ലഭിക്കാതെ ബാക്കി കിടപ്പുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏവ ; അവയിൽ എന്തു നടപടിയെടുത്തു ;

(സി) കോഴിക്കോട്ടു ജില്ലയിൽ അരിക്കുളം പി. സി. സി. ക്ക് കിട്ടാനുള്ള സംഖ്യ കൊടുക്കാൻ എന്തു നടപടിയെടുത്തു ;

(ഡി) ഈ സൊസൈറ്റി പുനരുദ്ധരിക്കാനും റൂറൽ ബാങ്കായി പ്രവർത്തിപ്പിക്കാനും നടപടിയെടുക്കുമോ ?

ക്ഷീരവും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്) :

(എ) ഉണ്ട്.

(ബി) വിശദ വിവരങ്ങൾ അടങ്ങിയ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.†

(സി) അരിക്കുളം പി. സി. സി. ക്ക് കിട്ടാനുള്ള സംഖ്യ 9392 രൂപ 45 ന. പൈസയാണ്. സൊസൈറ്റിയിൽ നിന്നും ഗവണ്മെൻറിലേക്ക് 26,357 രൂപ 45 ന. പൈസ കിട്ടാനുണ്ട്. സൊസൈറ്റി ലിക്വിഡേഷനിലാണ്. സൊസൈറ്റിക്ക് ലഭിക്കാനുള്ള തുക ഗവണ്മെൻറിലേയ്ക്ക് വരേണ്ട സംഖ്യയിലേക്ക് കണക്കാക്കുന്നതാണ്.

(ഡി) സൊസൈറ്റി ഇപ്പോൾ ലിക്വിഡേഷനിലാണ്. അതിനാൽ റൂറൽ ബാങ്കായി മാറുന്ന കാര്യം ഉദിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ പ്രശ്നം പല തവണയും ഇവിടെ ഉന്നയിച്ചു. അപ്പോഴെല്ലാം മദ്രാസുമായി എഴുത്തുകുത്തു നടത്തുകയാണെന്നു പറഞ്ഞു. സ്റ്റേറ്റ് റീഓർഗനൈസേഷൻ വ്യവസ്ഥകളനുസരിച്ച് ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ മൂന്നു കൊല്ലത്തിനുള്ളിൽ തീരുമാനിക്കപ്പെടണമെന്നുണ്ട്. അതുകൊണ്ടു കഴിയുന്നത്രവേഗം ഒരു അവസാന തീരുമാനം എടുക്കുവാൻ ശ്രമിക്കുമോ ?

ശ്രീ. സി. അച്യുതമേനോൻ : സ്റ്റേറ്റ് റീ ഓർഗനൈസേഷൻ അംഗീകരിച്ച അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മദ്രാസ് ഗവണ്മെൻറാണ് ഇതു കൊടുക്കണ്ടതു് എന്ന തീരുമാനത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. അതുകൊണ്ടു ഈ സ്റ്റേറ്റ് അഡ്വാൻസായി മുൻകൂട്ടി കൊടുക്കണമെന്നു് തീരുമാനിക്കാൻ നിവൃത്തിയില്ല.

മുടിക്കൽ വഞ്ചിനാട് മാച്ചുഫാക്ടറി.

*1478. [42] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുടിക്കൽ വഞ്ചിനാട് മാച്ചുഫാക്ടറി നിവൃത്തിയതു് എന്നാണ് ;

(ബി) ഈ ഫാക്ടറി പൂട്ടിയതുമൂലം എത്രപേർക്ക് തൊഴിൽ ഇല്ലാതായിട്ടുണ്ട് ;

(സി) അവിടത്തെ തൊഴിലാളികളുടെ നഷ്ടപരിഹാരം നൽകി പിരിഞ്ഞുവിടുകയുണ്ടായോ ;

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഫാക്ടറി പുനരാരംഭിക്കുന്നതിനു് സർക്കാർ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ടു് ;

(ഈ) സർക്കാർ ഇതു ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) സ്വന്തമായ കാരണങ്ങളാൽ നിറുത്തിയതാണു്.

(ബി) 230 തൊഴിലാളികളെ പിരിച്ചുവിട്ടു.

(സി) തൊഴിലാളികളുടെ കാര്യം തീരുമാനമായിട്ടില്ല.

(ഡി-ഈ) സഹകരണാടിസ്ഥാനത്തിൽ ഈ ഫാക്ടറി പുനഃസംഘടിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ഗവണ്മെൻറു് നടപ്പിലാക്കുകയും അതിനു് കമ്പനി ഡയറക്ടറന്മാരുമായി പ്രാഥമിക ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള : അതിനുവേണ്ടി തൊഴിലാളികളും, മുതലാളിയും ഗവണ്മെൻറുമായി ഒരു കാൺഫറൻസു് വിളിച്ചുകൂട്ടുകയുണ്ടായോ ?

ശ്രീ. കെ. പി. ഗോപാലൻ : കാൺഫറൻസു് വിളിച്ചുകൂട്ടി അതിൽ വച്ചാണു് ഈ തീരുമാനം എടുത്തതു്.

മുഖ്യമന്ത്രി തഞ്ചാവൂർ വച്ചു ചെയ്ത പ്രസ്താവന.

* 1479. [43] ശ്രീ. പി. എം. ജോസഫു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1959 മേയു് മാസം 4-ാം തീയതി മുഖ്യമന്ത്രി തഞ്ചാവൂർ വച്ചു് അഖിലേൻഡ്യാകിസാൻ സഭയുടെ സമ്മേളനത്തിൽ കേരളത്തിലെ കാൺഗ്രസ്സു് പാർട്ടി കേരള കാർഷികബന്ധബില്ലിൽ കൂടുതൽ നന്നാകാനാണെന്നുള്ള ഭാവേന ബില്ലിന്റെ പ്രധാന വകുപ്പുകളെ തുരങ്കംവയ്ക്കുന്ന ഭേദഗതികളും നിർദ്ദേശങ്ങളും ആണു് ഉന്നയിക്കുന്നതു് എന്നു പ്രസ്താവിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രസ്താവനയുടെ ഉദ്ദേശമെന്തായിരുന്നു ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ-ബി) ഇതു മുഖ്യമന്ത്രി വന്നിട്ടു് ആൻസർ ചെയ്യും. കാരണം അദ്ദേഹം എന്താണു പ്രസ്താവന ചെയ്തതെന്നു് എനിക്കറിവില്ല.

പഞ്ചസാര ഫാക്ടറി തുറക്കണമെന്ന നിവേദനം.

* 1480. [44] ശ്രീ. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാടു ജില്ലയിൽ കൊല്ലങ്കോടു പ്രദേശങ്ങളിലുള്ള പാംജാഗിറി സൊസൈറ്റികളിൽനിന്നു അവിടെ ഒരു പഞ്ചസാര ഫാക്ടറി തുറക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഖാദിബോർഡിനോ ബഹുമാനപ്പെട്ട വ്യവസായമന്ത്രിക്കോ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യം ഗവണ്മെൻറു് പരിഗണിക്കുകയോ, പരിശോധിക്കുകയോ ചെയ്തിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ എന്തു തീരുമാനമാണെടുത്തതു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly